"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി -ശിക്ഷ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1918/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/10/2020

---

പരാമർശം:-

1 നഗരകാര്യഡയറക്ടറുടെ 17/04/2018 തീയതിയിലെ വി3/2086/2016 നമ്പർ കത്ത്

2 30.01.2019 തീയതിയിലെ സ.ഉ.(സാധാ.) നം. 199/2019/ത.സ്വ.ഭ.വ.

3 ശ്രീ.രഘുരാമൻ സമർപ്പിച്ച 24.08.2019 തീയതിയിലെ അപ്പീൽ അപേക്ഷ.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ. അബ്ദുൾ റഷീദ് പി.ബി. എന്ന വ്യക്തിയുടെ 139/16-ാം സർവ്വെ നം. വസ്തുവിൽ റസിഡൻഷ്യൽ ബിൽഡിംഗിന് ബി.എ. 244/2013-14 നം. ആയി 26/06/14 ന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് 1999ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിന് വിധേയമല്ലെന്ന് കണ്ടെത്തിയതിനാൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, പരാമർശം 2 പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ.രഘുരാമൻ പരാമർശം 3 പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട് .

- 15.11.2009- ലെ 72671/ ആർ . എ .1/2008/ തസ്വഭവ നമ്പർ സർക്കുലറിലും , 27.06.2010- ലെ 36587/ ആർ . എ .1/2009/ തസ്വഭവ നമ്പർ സർക്കുലറിലും അനുശാസിക്കുന്ന പ്രകാരം സ്ഥലപരിശോധന നടത്തിയ ബിൽഡിംഗ് ഇൻസ്പെക്ടർ , അസിസ്റ്റന്റ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ( മുനിസിപ്പൽ എഞ്ചിനീയർ ) എന്നിവരുടെ വ്യക്തമായ റിപ്പോർട്ടിന്റേയും ശുപാർശകളുടേയും അടിസ്ഥാനത്തിലാണ് എല്ലാ ബിൽഡിംഗ് പെർമിറ്റുകളും അനുവദിച്ചത് .
- കേരള മുനിസിപ്പാലിറ്റി ആക്ട് 50(2) വകുപ്പ് പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ മുനിസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തു കൊടുത്തിട്ടുണ്ട് . ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ അവിടുത്തെ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ ഡെലിഗേഷൻ ഉത്തരവിന്റെ 44- ാം ഖണ്ഡികയിൽ കെട്ടിടനിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകളും പ്ലാനുകളും KMBR നും ടൗൺപ്ലാനിംഗ് നിയമങ്ങൾക്കും വിധേയമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ

അംഗീകാരത്തിനായി സെക്രട്ടറിക്ക് സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട് .

- ചട്ടവിരുദ്ധമായ പ്ലാനുകളും അത്തരത്തിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകളും സെക്രട്ടറിക്ക് സമർപ്പിക്കരുതെന്ന നിയമപരമായ ഡെലിഗേഷൻ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിലുള്ള ഫയൽ സമർപ്പിച്ച മുനിസിപ്പൽ എഞ്ചിനീയറാണ് KMBR 50(3) വകുപ്പ് പ്രകാരം ഇതിന് ഉത്തരവാദി .
- KMBR 50(2), 50(3) എന്നീ വകുപ്പുകളുടേയും 72671/2008, 36587/2009 എന്നീ സർക്കുലറുകളുടേയും നിയമപരിരക്ഷ ടിയാന് പൂർണ്ണമായി അവകാശപ്പെട്ടതാണ് .
- എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണാനുമതി നൽകിയതിന് മൂവാറ്റുപുഴ നഗരസഭാ മുൻ സെക്രട്ടറി ശ്രീ.വി.ആർ. രാജുവിനെ 09.10.2019- ലെ 2818/2012/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ . പി . മുരളീധരനെ 21.06.2017- ലെ 2077/2017/ തസ്വഭവ നമ്പർ പ്രകാരവും കുറ്റവിമുക്തരാക്കിയിട്ടുണ്ട് .

3. കൂടാതെ മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ച് 1 ാം പരാമർശിത ഉത്തരവ് പുന : പരിശോധിച്ച് , നീതിപൂർവ്വമായ ഒരു തീരുമാനത്തിലൂടെ തടയപ്പെട്ട ടിയാന്റെ ഇൻക്രിമെന്റ് പുനസ്ഥാപിച്ചു നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ കെ.എം.ബി.ആർ ലംഘനമില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാത്രം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതെന്നതിനാലും സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകിയതെന്നുമുള്ള ശ്രീ. രഘുരാമന്റെ വാദം പരിഗണിച്ചും ശ്രീ.രഘുരാമന്റെ പുന:പരിശോധനാഹർജി അനുവദിച്ച് ടിയാന് സൂചന ഉത്തരവ് പ്രകാരം നല്കിയ ശിക്ഷ ഒഴിവാക്കി തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. അപ്രകാരം ശ്രീ.രഘുരാമന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്** :-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ശ്രീ.രഘുരാമൻ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ